# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 2546 19.06.2013-ൽ മറുപടിയ്ക്ക്

**വിദ്യാ യാത്രാ പദ്ധതി**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. റ്റി. എൻ. പ്രതാപൻ<br>,, പി. എ. മാധവൻ<br>,, എം. എ. വാഹീദ്<br>,, എ. പി. അബ്ദുള്ളക്കുട്ടി | ശ്രീ. എ.പി. അനിൽകുമാർ<br>(പട്ടികജാതി - പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ പട്ടികജാതി വിദ്യാർത്ഥികൾക്കായി വിദ്യാ യാത്ര പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ ; വിശദമാക്കുമോ; | (എ) | ഉണ്ട്. സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിൽ 2011-12 അദ്ധ്യയന വർഷം 8-ാം ക്ലാസ്സിൽ പഠിച്ചിരുന്ന പട്ടികജാതി വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് സൈക്കിൾ വാങ്ങുന്നതിനായി 3000/-രൂപ വീതം അനുവദിച്ച പദ്ധതിയാണ് വിദ്യാ യാത്ര പദ്ധതി. |
| (ബി) | പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | (ബി) | വിദ്യാർത്ഥികൾക്ക് കൃത്യമായി സ്കൂളിൽ എത്തുന്നതിനും വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് ഒഴിവാക്കുക എന്നതുമായിരുന്നു പദ്ധതിയുടെ ഉദ്ദേശലക്ഷ്യം. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത് ; വിശദമാക്കുമോ ; | (സി) & (ഡി) | ഏജൻസികളെ ഒന്നും തന്നെ ചുമതലപ്പെടുത്തിയിരുന്നില്ല. സൈക്കിൾ വാങ്ങുന്നതിനുള്ള തുക ബന്ധപ്പെട്ട സ്കൂൾ മേധാവി മുഖേനയാണ് വിതരണം ചെയ്തത്. ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് തുക വിതരണം ചെയ്യുന്നതിന് അതത് സ്കൂൾ മേധാവിയും, പി.ടി.എ പ്രസിഡന്റ്, പട്ടികജാതി വികസന ഓഫീസർ എന്നിവർ ഉൾപ്പെടുന്ന ഒരു കമ്മിറ്റി രൂപീകരിക്കുകയും, പ്രസ്തുത കമ്മിറ്റി കുട്ടികൾ സൈക്കിൾ വാങ്ങിയെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. |
| (ഡി) | ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | | |

സെക്ഷൻ ആഫീസർ